ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിനു പ്രത്യേക ചോദ്യം വേണ്ടതാണ്. അതുവേറൊരു രീതിയിലാണ്. അതു ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ചെറിയ ശതമാനത്തിനു പ്രയോജനപ്പെടുന്നതാണ്. കേരളത്തിൽ 231000-ത്തോളം കുടുംബങ്ങൾക്കു മാത്രമായി ലിമിറ്റ് ചെയ്ത സ്കീമാണ്. അത് ഫ്രീ അല്ല. 25 കിലോഗ്രാം അരി കിലോഗ്രാമിന് 3 രൂപയ്ക്ക് കൊടുക്കും. ചെലവു മുഴുവൻ സംസ്ഥാന ഗവൺമെന്റു വഹിക്കും.

ശ്രീ. സി. മൊയിൻകുട്ടി : സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഈ പദ്ധതിയെ സംബന്ധിച്ച് കിട്ടിയിടത്തോളമുള്ള വിവരങ്ങളുടെ അവ്യക്തത ഒഴിവാക്കുന്നതിനുവേണ്ടി ഒരു പത്രക്കുറിപ്പിലൂടെ പത്രക്കാരോട് വിശദീകരിക്കുവാൻ സാധിക്കുമോ ; എത്ര പഞ്ചായത്തുകളിൽ ഇതു നടപ്പിലാക്കി എന്നു പറയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, എന്റെ അറിവിൽ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും അതിന്റെ ലിസ്റ്റായി, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നാണ് കളക്ടേഴ്സിന്റെ റിപ്പോർട്ട്. നടപ്പിലാക്കാത്ത വല്ല പഞ്ചായത്തും ഉണ്ടോ എന്നുള്ളതിന്റെ വിവരം ശേഖരിച്ചു മാത്രമേ പറയാൻ സാധിക്കുകയുള്ളു. ഞാൻ പോയി ഉത്ഘാടനം ചെയ്ത കൊല്ലം ജില്ലയിൽ മിക്കവാറും എല്ലാ പഞ്ചായത്തിലും ആയിട്ടുണ്ട്. ബാക്കിയുള്ളിടത്തേത് അന്വേഷിച്ചിട്ട് പറയാം.

ശ്രീ. എം. വി. ജയരാജൻ : സർ, കേന്ദ്ര സർക്കാർ ഈ പദ്ധതിക്കു വേണ്ടി അരി വിഹിതം എത്രയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ; 1995-97 വർഷത്തിൽ സംസ്ഥാനത്ത് അനുവദിക്കപ്പെട്ട അരി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരും എന്നു വ്യക്തമാക്കാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിന്റെ കാൽക്കുലേഷനൊന്നുമില്ല. 44,980 പേർക്ക് 10 കിലോഗ്രാം അരി വച്ച് കൊടുക്കുന്നുണ്ട്. അതെത്ര ടൺ വരുമെന്ന് ബഹുമാനപ്പെട്ട മെമ്പർ കണക്കു കൂട്ടിക്കൊണ്ടാൽ മതി.

## ജനസേവന കേന്ദ്രം

2 (*150) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചു പ്രവർത്തനം തുടങ്ങിയ 'ജനസേവന കേന്ദ്ര'ത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രകണ്ട് കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ജനസേവന കേന്ദ്രത്തിന്റെ മാതൃകയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(ഡി) എങ്കിൽ ഓരോ ജില്ലകളിലും എന്നത്തേയ്ക്ക് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ-ജില്ലാ ആസ്ഥാനങ്ങളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ജനസേവന കേന്ദ്രങ്ങൾക്കാവശ്യമായ സ്ഥലം, മുടക്കുമുതൽ, ജീവനക്കാർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ എപ്രകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഓരോ ജനസേവന കേന്ദ്രങ്ങളിലും പൊതുജനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ജില്ലാ ആസ്ഥാനങ്ങളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ & ബി) ഉണ്ട്. വിവര സാങ്കേതികവിദ്യയുടെ പ്രയോജനം ജനങ്ങളുടെ നിത്യ ജീവിതത്തിൽ എത്തിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ഐ.റ്റി. നയത്തിന്റെ അടിസ്ഥാനത്തിൽ വിവര സാങ്കേതിക വകുപ്പും തിരുവനന്തപുരം നഗരസഭയും ചേർന്നാരംഭിച്ച സംരംഭമാണ് "ഫ്രണ്ട്സ് ജനസേവന കേന്ദ്രം". ഈ കേന്ദ്രത്തിൽ നിന്നും റവന്യൂ, മോട്ടോർ വാഹനം, സിവിൽ സപ്ലൈസ്, വൈദ്യുതി ബോർഡ്, ജലഅതോറിറ്റി, നഗരസഭ, കേരള സർവ്വകലാശാല എന്നീ 7 വകുപ്പുകളുടെ/ഏജൻസികളുടെ സേവനമാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വകുപ്പുകൾ/ഏജൻസികൾ എന്നിവയിലേയ്ക്ക് ഒടുക്കേണ്ട ഉപയുക്ത ബില്ലുകൾ, നികുതികൾ, ഫീസുകൾ എന്നിവ ഈ കേന്ദ്രത്തിൽ അടയ്ക്കാവുന്നതാണ്. ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകിട്ട് 7 മണി വരെ പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നു. പൊതു അവധി ദിവസങ്ങളിൽ കേന്ദ്രം പ്രവർത്തിക്കുന്നില്ല. കമ്പ്യൂട്ടർവൽകൃത ക്യൂ നിയന്ത്രണ സംവിധാനം ക്യൂ ഒഴിവാക്കുന്നതിലൂടെ കാത്തുനിൽക്കേണ്ടി വരുന്ന സമയം കുറയ്ക്കാൻ കഴിയുന്നു. സുഗമവും ആയാസരഹിതവുമായി സർക്കാർ പണമിടപാടുകൾ നടത്താൻ ഏറ്റവും അനുയോജ്യമായ ഏകജാലക സൗകര്യമാണ് ഫ്രണ്ട്സ് ജനസേവന കേന്ദ്രം. സർക്കാർ പദ്ധതികളുടേയും പരിപാടികളുടേയും വിവരങ്ങളും വിവിധ അപേക്ഷാ ഫോറങ്ങളും ലഭിക്കുന്നതിനുള്ള വിപുലമായ സജ്ജീകരണങ്ങൾ ഇവിടെയുണ്ട്. പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമം വിജയിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 20-01-2001-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.1/2001/ഐ.റ്റി.ഡി പ്രകാരം ഈ സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരത്ത് ആരംഭിച്ചതുപോലെ മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ഇ) ജനസേവനകേന്ദ്രം ആരംഭിക്കാനാവശ്യമായ സ്ഥലം അതാത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കണ്ടെത്തും. മുടക്കുമുതലും അടിസ്ഥാന സൗകര്യങ്ങളും വിവര സാങ്കേതിക വകുപ്പ് ലഭ്യമാക്കും. കേന്ദ്രങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ പങ്കെടുക്കുന്ന വകുപ്പുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കും.

(എഫ്) റവന്യൂ, മോട്ടോർ വാഹനം, സിവിൽസപ്ലൈസ്, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, നഗരസഭ, സർവ്വകലാശാല എന്നീ 7 വകുപ്പുകളുടെ, ഏജൻസികളുടെ സേവനമാണ് ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത വകുപ്പുകളിലേക്ക്/ഏജൻസികളിലേക്ക് ഒടുക്കേണ്ട ഉപയുക്ത ബില്ലുകൾ, നികുതികൾ, ഫീസുകൾ എന്നിവ ഈ കേന്ദ്രങ്ങളിൽ അടയ്ക്കാവുന്നതാണ്.

(ജി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. പിരപ്പൻകോട് മുരളി : സർ, 13 ജില്ലകളിൽ ആരംഭിക്കുന്ന ജനസേവന കേന്ദ്രങ്ങൾക്ക് ഓരോന്നിനും എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു ?

ശ്രീ. ഇ. കെ. നായനാർ : സർ, ഇതിന് ഏകദേശം 26 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിൽ 10 ലക്ഷം രൂപ സിവിലും ഇലക്ട്രിക്കലും പണികൾക്കാണ്. 15 ലക്ഷം രൂപ കമ്പ്യൂട്ടർ സോഫ്റ്റ്വെയറിനു വേണ്ടിയും 1 ലക്ഷം രൂപ കണ്ടിൻജൻസി ഇനത്തിലും നൽകുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഇത്തരം കേന്ദ്രങ്ങളിൽ എത്ര കൗണ്ടറുകൾ വീതം ഉണ്ടാകും. ?

ശ്രീ. ഇ. കെ. നായനാർ : സർ, 12 കൗണ്ടറുകളും 2 ഹെൽപ്പ് ഡിസ്ക്കുകളും ഉണ്ടാകും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, തിരുവനന്തപുരത്തുള്ള കേന്ദ്രം ആരംഭിച്ചതെന്നാണ് ?

ശ്രീ. ഇ. കെ. നായനാർ : സർ, തിരുവനന്തപുരത്തുള്ള ജനസേവനകേന്ദ്രം ആരംഭിച്ചത് 29-6-2000-ത്തിൽ ആണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം ആരംഭിച്ചതിനുശേഷം ഏതെല്ലാം വകുപ്പുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുവാൻ 'ഓൺ ലൈൻ' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

ശ്രീ. ഇ. കെ. നായനാർ : സർ, യൂണിവേഴ്സിറ്റിയുമായി ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളുമായി 'ഓൺ ലൈൻ' സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : സർ, ജനസേവന കേന്ദ്രം ആരംഭിച്ചതിനുശേഷം പൊതുജനങ്ങൾക്ക് ഈ കേന്ദ്രത്തോടുള്ള പ്രതികരണം എങ്ങനെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : സർ, തുടക്കത്തിൽ വളരെ സ്വാഗതാർഹമായ സമീപനമാണ് പൊതുജനങ്ങളിൽ നിന്നും കിട്ടിയിട്ടുള്ളത്. കാരണം നികുതിയെല്ലാം ഒരു സ്ഥലത്തു കൊണ്ടുപോയി അടച്ചാൽ മതി. തിരുവനന്തപുരത്ത് ആരംഭിച്ച കേന്ദ്രത്തിലുള്ളതുപോലെയുള്ള വിപുലമായ സൗകര്യങ്ങൾ മറ്റു കേന്ദ്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. പൊതുജനങ്ങൾക്ക് സ്വാഗതാർഹമായ സമീപനമാണുള്ളത്.

മി. സ്പീക്കർ : എം. എൽ. എ മാരെല്ലാം അതൊന്നു പോയി കാണണം, കേട്ടോ.

ശ്രീ. എളമരം കരീം : സർ, കാണാം സർ. ജനസേവന കേന്ദ്രം ഇൻഡ്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയതായിട്ട് അറിവുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ഒരൊറ്റ സംസ്ഥാനത്തു മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. അത് ആന്ധ്രയിലാണ്. അവിടെ തുടക്കം മാത്രമേ ആയിട്ടുള്ളൂ, പൂർത്തിയായിട്ടില്ല.

ശ്രീ. പി. രാഘവൻ : സർ, ജനസേവന കേന്ദ്രത്തിൽ പങ്കെടുക്കുന്ന വകുപ്പുകളിലെ പുതിയ വികസന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ഏകദേശ രൂപം അവിടന്ന് ലഭ്യമാക്കാൻ ആവശ്യമായ ഏർപ്പാടുണ്ടാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ഉണ്ടാക്കാമല്ലോ. അതിനൊന്നും ഒരു കുഴപ്പവുമില്ല.

മി. സ്പീക്കർ : തുറന്ന സമീപനമാണ്.

ശ്രീ. പി. രാഘവൻ : സർ, 13 ജില്ലാ കേന്ദ്രങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കും എന്നു പറഞ്ഞിട്ടുണ്ട്. താലൂക്ക് കേന്ദ്രങ്ങളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കാന് ആവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ജില്ല കഴിഞ്ഞിട്ട് താലൂക്കുകളിലേയ്ക്ക് കടക്കാം. അതിനുതന്നെ ചില ജില്ലാ കളക്ടർമാർ സ്ഥലം ഇല്ലെന്നൊക്കെ പറയുന്നുണ്ട്. ഒരു ജില്ലയിൽ ഒരു കേന്ദ്രം തുടങ്ങണം. എന്നാൽ ജനങ്ങൾക്ക് വളരെയധികം സൗകര്യമാണ്. തിരുവനന്തപുരത്തു വന്നു കണ്ടു പഠിച്ചാൽ മതി. ഏറ്റവും സൗകര്യമാണ്.

മി. സ്പീക്കർ : അവിടെ ഒന്നുപോയി നോക്കുക. തിരുവനന്തപുരത്ത് പാളയത്തുള്ള ട്രിഡ കോംപ്ലക്സിലുണ്ട്.

ശ്രീ. ടി. കെ. ബാലൻ : സർ, ഇന്ന് 7 വകുപ്പുകളിലേയ്ക്കുള്ള പണം അടയ്ക്കാനാണ് ഈ ജനസേവന കേന്ദ്രത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ ടെലിഫോൺസ്, ഇൻകം ടാക്സ് മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ അടയ്ക്കേണ്ട പണം കൂടി ഈ ജനസേവന കേന്ദ്രങ്ങളിൽ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ പര്യാലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, ഇൻഡ്യയിൽത്തന്നെ ഇത്തരം സംവിധാനം ഇവിടെ മാത്രമേ ഉള്ളൂ. ആന്ധ്രയിൽ ഭാഗികമായിട്ടുമാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ചീഫ്മിനിസ്റ്റേഴ്സ് കോൺഫറൻസിൽ മറ്റു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നോട് ഇതിനെപ്പറ്റി അന്വേഷിക്കുകയുണ്ടായി. എങ്ങനെയാണ് ഇത് നടപ്പിലാക്കിയത്, ഞങ്ങൾക്കും കൂടി ഇതു നടപ്പിലാക്കണമായിരുന്നു എന്നൊക്കെ അന്ന് അവർ പറയുകയുണ്ടായി. എന്നിട്ടു വേണം ഇൻഡ്യാ ഗവണ്മെന്റിനെ സമീപിക്കാൻ.

ശ്രീ. പാലോട് രവി : സർ, അധികാരങ്ങൾ മുഴുവൻ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്ന സാഹചര്യത്തിൽ ജനസേവന കേന്ദ്രങ്ങൾ എല്ലാ ജില്ലാ പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ തുടങ്ങുന്നതിനുള്ള ശക്തമായ നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നു നൽകുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞദിവസം എല്ലാ കളക്ടർമാരുടേയും കോൺഫറൻസ് വിളിച്ചിരുന്നു. ഇടുക്കിയിൽ മാത്രമേ സ്ഥലത്തിനു വിഷമമുള്ളൂ എന്നു പറഞ്ഞു. ഞാൻ പറഞ്ഞു, ഇത് എത്രയും പെട്ടെന്ന് ഉണ്ടാക്കിക്കൊള്ളണമെന്ന്, സ്ഥലം ഉണ്ടാക്കണമെന്ന് നിർബന്ധപൂർവ്വം പറഞ്ഞിരിക്കുകയാണ്.

ശ്രീ. ടി.കെ. നൗഷാദ് : സർ, ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ ജനസേവന കേന്ദ്രങ്ങളിലേയ്ക്ക് ജീവനക്കാരെ വിട്ടുകൊടുക്കാൻ വിവിധ വകുപ്പുകൾ മടി കാണിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവനക്കാരെ വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, കൊടുക്കും. ഇതിന്റെ അനുഭവം കിട്ടിക്കഴിഞ്ഞാൽ പിന്നെ കൊടുക്കാതെ നിവൃത്തിയില്ല. ഇല്ലെങ്കിൽ കൊടുപ്പിക്കും.

## കെ.ടി.ഡി.സി-യുടെ പ്രവർത്തനം

3(*151) ശ്രീ. എം. എ തോമസ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ലാഭനഷ്ടങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കെ.ടി.ഡി.സിയുടെ റവന്യൂ വരുമാനം എത്രകണ്ടു വർദ്ധിപ്പിക്കാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.ടി.ഡി.സിയുടെ ആവർത്തന നഷ്ടം നികത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആവർത്തന നഷ്ടം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

940/2010

LIBRARY ARCHIVES Kerala Legislative Assembly